# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2708 | 02.04.2013 - ൽ മറുപടിക്ക്

### ബധിര സ്കൂളുകളിലെ കുട്ടികളുടെ വിദ്യാഭ്യാസ-താമസ-ചികിത്സാ സൗകര്യങ്ങൾ

ചോദ്യം | ഉത്തരം

ശ്രീ. വി.ചെന്താമരാക്ഷൻ

ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പു മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | സർക്കാർ ബധിര സ്കൂളുകളിലെ കുട്ടികളുടെ വിദ്യാഭ്യാസ-താമസ-ചികിത്സാകാര്യങ്ങൾ കാലാനുസൃതമായി ചിട്ടപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടോ; | (എ) | കഴിഞ്ഞിട്ടുണ്ട്. |
| (ബി) | പി.ഡബ്ല്യു.ഡി. അക്റ്റിന്റെ (പേഴ്സൺ വിത്ത് ഡിസബിലിറ്റി ആക്റ്റ്) പരിധിയിൽപ്പെട്ട കുട്ടികൾക്ക് സാധാരണ വിദ്യാർത്ഥികൾക്കു ലഭിക്കുന്ന അവകാശങ്ങൾക്കും ആനുകൂല്യങ്ങൾക്കും അർഹതയുണ്ടോ; | (ബി) | PWD Act/Rules-ന്റെ പരിധിയിൽപ്പെട്ട കുട്ടികൾക്ക് പ്രത്യേക ആനുകൂല്യങ്ങളാണ് ലഭ്യമാക്കുന്നത്. എന്നാൽ സാധാരണ കുട്ടികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളോ അവകാശങ്ങളോ ഈ വിഭാഗത്തിൽപ്പെട്ടവർക്ക് നിഷേധിക്കപ്പെടുന്നില്ല. |
| (സി) | കെ.ഇ.ആർ. പരിഷ്കരണ ക്കമ്മിറ്റിയുടെ ശുപാർശ പ്രകാരം ഇത്തരം സ്കൂളിലെ അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം എത്രയാണ്;ഈ നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ, എന്തുകൊണ്ടാണെന്നു വ്യക്തമാക്കുമോ; | (സി) | അന്ധ ബധിര വിദ്യാലയങ്ങളിലെ നിലവിലെ അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം 1:5 ആണ്. വ്യത്യസ്ത ശേഷിയുള്ള കുട്ടികൾക്കായുള്ള സ്കൂളുകൾക്ക് കെ.ഇ.ആർ. പരിഷ്കരണ കമ്മിറ്റി ശുപാർശ ചെയ്തിരിക്കുന്ന കുട്ടികളുടെ മിനിമം സ്ട്രെങ്ങ്ത് 4 ആണ്. ഈ നിർദ്ദേശം നടപ്പിലാക്കിയിട്ടില്ല. കെ.ഇ.ആർ. പരിഷ്കരണ കമ്മിറ്റിയുടെ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | ബധിരരായ കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുവാൻ പ്രധാനാദ്ധ്യാപകരുടെ സജീവശ്രദ്ധയും സാന്നിദ്ധ്യവും ഉറപ്പാക്കുന്നതിനായി, അവർക്ക് സ്കൂൾ കോമ്പൗണ്ടിൽത്തന്നെ ആധുനിക സജ്ജീകരണങ്ങളോടു കൂടിയ ക്വാർട്ടേഴ്സ് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ, അവർ അവിടെ താമസിച്ചു ജോലി നോക്കുന്നുണ്ടോ; | (ഡി) | സർക്കാർ മേഖലയിൽ മൂന്ന് ബധിര വിദ്യാലയങ്ങളാണ് നിലവിലുള്ളത്. അവയിൽ രണ്ട് സ്കൂളുകളിൽ ഹെഡ്മാസ്റ്റർമാർക്കായി ക്വാർട്ടേഴ്സ് ലഭ്യമാണ്. എന്നാൽ ഹെഡ്മാസ്റ്റർമാർ ക്വാർട്ടേഴ്സിൽ താമസിക്കുന്നില്ല. |
| (ഇ) | അധികൃതരുടെ ഉത്തരവാദിത്വമില്ലായ്മ മൂലം പ്രസ്തുത സ്ഥാപനങ്ങളിലെ കുട്ടികൾക്ക് പീഡനം ഏറ്റുവാങ്ങേണ്ടി വന്നതും, തക്കസമയത്തു ചികിത്സ കിട്ടാതിരുന്നതിനാൽ കുട്ടികൾ മരിക്കാൻ ഇടയായതുമായ സംഭവങ്ങൾ മാധ്യമങ്ങളിലൂടെ പുറത്തു വരികയും, ഹൈക്കോടതി ഇടപെടുകയും ചെയ്തിട്ടുണ്ടോ; | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (എഫ്) | എങ്കിൽ, ഏതെല്ലാം സംഭവങ്ങളാണെന്നു വിശദമാക്കുമോ? | (എഫ്) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ.